# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2364 — 08.12.2015 ൽ മറുപടിയ്ക്ക്

## വ്യവസായ വകുപ്പിലെ ഉയർന്ന തസ്തികകളിലെ പ്രമോഷനുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | പ്രൊഫ. സി.രവീന്ദ്രനാഥ് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | നിലവിൽ വ്യവസായ വകുപ്പിലെ ഉയർന്ന തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ജോയിന്റ് ഡയറക്ടർ/ജനറൽ മാനേജർ, മാനേജർ/ഡെപ്യൂട്ടി ഡയറക്ടർ, ഡെപ്യൂട്ടി രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നീ തസ്തികകളിലായി 2 ഒഴിവുകൾ വീതം നിലവിലുണ്ട്. |
| (ബി) | DPC (Higher) കൂടുവാൻ എന്ത് തടസ്സമാണ് നിലനിൽക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) | ഡെപ്യൂട്ടി രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് അഡ്ഹോക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) വിളിച്ചുചേർത്ത് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടർ സമർപ്പിച്ച കരട് കുറിപ്പുകളിൽ ന്യൂനതകൾ കണ്ടെത്തിയതിനെ തുടർന്ന് ഭേദഗതികൾ വരുത്തി നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജർ/ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയുടെ ഫീഡർ കാറ്റഗറിയായ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയുടെയും ജോയിന്റ് ഡയറക്ടർ/ജനറൽ മാനേജർ തസ്തികയുടെ ഫീഡർ കാറ്റഗറിയായ മാനേജർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികയുടെയും സീനിയോറിറ്റി ലിസ്റ്റുകൾ പുനപരിശോധിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതു പൂർത്തിയാവുന്ന മുറയ്ക്ക് ജോയിന്റ് ഡയറക്ടർ/ജനറൽ മാനേജർ, മാനേജർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) കൂടുന്നതാണ്. |
| (സി) | ഉയർന്ന തസ്തികകളിൽ പ്രമോഷനുകൾ യഥാസമയം നടക്കാത്തതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്ന കാര്യം അറിവുണ്ടോ; | (സി) | ഒഴിവുള്ള ഉയർന്ന തസ്തികകളിൽ സീനിയർമാരായ തൊട്ട് താഴെയുള്ള ഉദ്യോഗസ്ഥർക്ക് ചുമതല നൽകാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തടസ്സം നീക്കി മേൽപ്പറഞ്ഞ തസ്തികകളിൽ എന്നത്തേയ്ക്ക് പ്രമോഷൻ നൽകി നിയമിക്കാനാകും എന്ന് വിശദമാക്കാമോ? | (ഡി) | അസിസ്റ്റന്റ് ഡയറ്കടർ, മാനേജർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലെ സീനിയോരിറ്റിയുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിച്ച് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) യോഗം ചേർന്ന് ജോയിന്റ് ഡയറക്ടർ/ജനറൽ മാനേജർ, മാനേജർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുടെ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**